Sectt. 37. 3/535/2012/3 Lakh. GPM. © Govt. of Kerala

13930/18/HRD

GOVERNMENT OF KERALA

## ധനകാര്യ (ഫണ്ട്സ്) വകുപ്പ്

## സർക്കുലർ

നം.99/2018/ധന

INSTITUTE OF HUMAN RESOURCES DEVELOPMENT
01 NOV 2018
THIRUVANANTHAPURAM

തീയതി.തിരുവനന്തപുരം,.31.10.2018

വിഷയം: സാലറി ചലഞ്ച് – പുതുക്കിയ മാർഗ്ഗനിർദ്ദേശം സംബന്ധിച്ച്.

സൂചന: 1. സ. ഉ. (അച്ചടി) 144/2018/ധന തിയതി 11-09-2018

2. 09.10.2018 ലെ ഒ.പി (കെ എ ടി) 349/2018 എന്ന കേസിലെ ബഹ.ഹൈക്കോടതിയുടെ വിധിന്യായം.

സംസ്ഥാനത്ത് അപ്രതീക്ഷിതമായി സംഭവിച്ച പ്രളയക്കെടുതിയുമായി ബന്ധപ്പെട്ടുണ്ടായ നാശനഷ്ടങ്ങൾ പരിഹരിച്ച് നവകേരളസൃഷ്ടിക്കായി സർക്കാർ ജീവനക്കാരുടെ തന്നെ ആകെ ശമ്പളം പത്ത് മാസഗഡുക്കളായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന ചെയ്യുന്നതിനായി സൂചന (1) പ്രകാരം മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു. എന്നാൽ സൂചന(2) ലെ ഉത്തരവിൽ ബഹ. ഹൈക്കോടതിയും, തുടർന്നുള്ള അപ്പീലിൽ ബഹ.സുപ്രീംകോടതിയും പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ സൂചന (1) ഉത്തരവിലെ Clause (10), clause (11) എന്നിവ ഒഴിവാക്കിക്കൊണ്ട് താഴെപ്പറയുന്ന പ്രകാരമുള്ള നിർദ്ദേശം പുറപ്പെടുവിക്കുന്നു.

1. ഒരു മാസത്തെ ആകെ ശമ്പളം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് സംഭാവന നൽകുന്നതിലേക്കായി സൂചന (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിലെ clause (10), clause

(11) ഒഴികെയുള്ള എല്ലാ മാർഗ്ഗനിർദ്ദേശങ്ങളും പ്രാബല്യത്തിൽ ഉണ്ടാകുന്നതാണ്. ടി ഉത്തരവിന്റെ അനുബന്ധമായി നൽകിയിട്ടുള്ള പ്രൊഫോർമ നീക്കം ചെയ്യുന്നു.

2. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഒരു മാസത്തെ ആകെ ശമ്പളം ഒന്നായോ ഗഡുക്കളായോ നൽകാൻ സന്നദ്ധരായവരിൽ നിന്നും സമ്മതം ഡി.ഡി.ഒ മാർ സമാഹരിച്ച് സൂക്ഷിക്കേണ്ടതാണ്. ഇക്കാര്യത്തിൽ വീഴ്ച വരുത്താൻ പാടില്ല.

3. നിലവിൽ ഒരു മാസത്തെ ആകെ ശമ്പളം സൂചന (1) പ്രകാരമുള്ള വിവിധ ഓപ്ഷനുകൾ വഴി സമ്മതം നൽകി സംഭാവന നൽകിത്തുടങ്ങിയ ജീവനക്കാർ ഇനിയും പ്രത്യേകം സമ്മതം നൽകേണ്ടതില്ല. ബന്ധപ്പെട്ട ഡി.ഡി.ഒ മാർ മുൻ സമ്മതപ്രകാരമുള്ള തുക കറവ് വരുത്തേണ്ടതാണ്.

4. ഒരു മാസത്തെ ആകെ ശമ്പളം നൽകാൻ സാധിക്കാത്ത ജീവനക്കാർക്ക് അവരുടെ സാമ്പത്തിക ശേഷി അനുസരിച്ചുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നേരിട്ട് നൽകാവുന്നതാണ്.

5. കരാർ ജീവനക്കാർ/ദിവസവേതനക്കാർ/താൽക്കാലികജീവനക്കാർ എന്നിവർക്ക് അവരുടെ സാമ്പത്തിക ശേഷി അനുസരിച്ചുള്ള തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് നേരിട്ട് സംഭാവന നൽകാവുന്നതാണ്.

6. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിലേക്ക് ഒരു മാസത്തെ ആകെ ശമ്പളം സംഭാവന നൽകുന്ന സ്കീമിൽ പുതിയതായി ചേരുന്നതിന് സന്നദ്ധതയുള്ള ജീവനക്കാരിൽ നിന്നും ഒരു മാസത്തെ ആകെ ശമ്പളം ഒന്നായോ പത്തോ അതിൽ കുറവ് ഗഡുക്കളായോ സ്പാർക്ക് മുഖാന്തിരം കുറവ് ചെയ്യണം. സൂചന (1) ഉത്തരവ് പ്രകാരം ലഭ്യമായ ഓപ്ഷനുകൾ പുതിയതായി സന്നദ്ധരാകുന്നവർക്കും ലഭ്യമായിരിക്കും.

**എ.മധുസൂദനൻ നായർ**

**ജോയിന്റ് സെക്രട്ടറി (ധനകാര്യം)**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജനറൽ & സോഷ്യൽ സെക്ടർ ഓഡിറ്റ്)

കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇക്കണോമിക് & റവന്യൂ സെക്ടർ ഓഡിറ്റ്) കേരള, തിരുവനന്തപുരം.
എല്ലാ വകുപ്പുമേധാവികൾക്കും
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം
ബഹു. , ഗവർണറുടെ സെക്രട്ടറി
പ്രൈവറ്റ് സെക്രട്ടറി, മുഖ്യമന്ത്രി, മറ്റ് മന്ത്രിമാർ
പ്രൈവറ്റ് സെക്രട്ടറി, സ്പീക്കർ
പ്രൈവറ്റ് സെക്രട്ടറി, ഡപ്യൂട്ടി സ്പീക്കർ
പ്രൈവറ്റ് സെക്രട്ടറി, പ്രതിപക്ഷ നേതാവ്
പ്രൈവറ്റ് സെക്രട്ടറി, ചീഫ് വിപ്പ്
പ്രിൻസിപ്പൽ സെക്രട്ടറി, എസ്സ് പെൻഡിച്ചർ സെക്രട്ടറിയുടെ പേഴ്സണൽ സെക്രട്ടറി
സെക്രട്ടറി, സ്റ്റേറ്റ് ഇലക്ഷൻ കമ്മീഷൻ, കേരള, തിരുവനന്തപുരം
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
ഡയറക്ടർ, ട്രഷറി
എല്ലാ ജില്ലാ /സബ് ട്രഷറി
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻ, തിരുവനന്തപുരം
സെക്രട്ടറിയേറ്റ്, എല്ലാ വകുപ്പുകളും
എല്ലാ അഡീഷണൽ സെക്രട്ടറി, ചീഫ് സെക്രട്ടറി, ജോയിന്റ് സെക്രട്ടറിമാർ, അണ്ടർ സെക്രട്ടറിമാർ
സർവ്വകലാശാലകൾ, കേരള
എല്ലാ പൊതുമേഖല സ്ഥാപനങ്ങൾക്കും
സെക്രട്ടറി, കേരള മനുഷ്യവകാശ കമ്മീഷൻ
ഓംബുഡ്സ്മാൻ തദ്ദേശ സ്വയം ഭരണ സ്ഥാപനം
പബ്ലിക്ക് റിലേഷൻസ് വകുപ്പ്(പ്രസ്സ് റിലീസ്)
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

പുറപ്പെടുവിക്കാൻ അംഗീകരിച്ചത്

സെക്ഷൻ ഓഫീസർ

**ഇണ്ടാസ് നമ്പർ. ഇബി3/11106/2014/എച്ച്.ആർ.ഡി (2)** **തീയതി: 05.11.2018**

പകർപ്പ് എല്ലാ സ്ഥാപനമേധാവികളുടെയും അറിവിലേയ്ക്കായും തുടർനടപടികൾക്കും അനുവർത്തനത്തിനുമായും നൽക്കുന്നു.

1. എല്ലാ സ്ഥാപന മേധാവികൾക്കും
2. അഡീഷണൽ ഡയറക്ടർ
3. ഡെപ്യൂട്ടി ഡയറക്ടർ
4. അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ ഫിനാൻസ് ഓഫീസർ
5. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ
6. കരുതൽ ഫയൽ/ ഓഫീസ് പകർപ്പ്

ഒപ്പ്
ഡോ. പി. സുരേഷ് കുമാർ
ഡയറക്ടർ

അംഗീകാരത്തോടെ

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ